**(9) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8 മുതൽ 10 വരെയുള്ള റിപ്പോർട്ടുകൾ**

ശ്രീ. കെ. പ്രകാശ്ബാബു : സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8,9,10 എന്നീ റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

**(10) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 13-ാ മത് റിപ്പോർട്ട്**

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 13-ാം മത് റിപ്പോർട്ട് സമർപ്പിക്കുന്നു.

**(11) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ**

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

**(12) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ 14 മുതൽ 17 വരെയുള്ള റിപ്പോർട്ടുകൾ**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ 14 മുതൽ 17 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## IX ക്രമപ്രശ്നം

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, Rule 239.

(1) Subject to sub-rules (2), (3) and (4) each Subject Committee shall submit periodical reports to the Assmebly.

ഇവിടെ ഇന്ന് അവതരിപ്പിച്ചത് 10 സബ്ജക്ട് കമ്മിറ്റികളിൽ ഏഴെണ്ണത്തിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് മാത്രമാണ്. സബ്ജക്ട് കമ്മിറ്റി-1, കൃഷിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല, സബ്ജക്ട് കമ്മിറ്റി-8, ധനകാര്യത്തിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല, സബ്ജക്ട് കമ്മിറ്റി-10, ആഭ്യന്തരം, പീരിയോഡിക്കൽ റിപ്പോർട്ട് ഇല്ല. വളരെ പ്രധാനപ്പെട്ട 3 വകുപ്പുകളുടെ ഈ പറയുന്ന പീരിയോഡിക്കൽ റിപ്പോർട്ട്സ് സഭയിൽ വച്ചിട്ടില്ല, ആ കമ്മിറ്റികൾ കൂടുക പോലും ചെയ്തിട്ടില്ല. നാളെ സഭ അവസാനിക്കുകയാണ്. മിക്കവാറും

LIBRARY ARCHIVES Kerala Legislative Assembly